DESPATCHED
On..26/8/21....

11/8/21


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in


**ഹർജി നമ്പർ AP.No.546(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5347/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ആഗസ്റ്റ് 11**

ശ്രീ. അനന്തു വി.എസ്.,
ദ്വാരക,
ചെറുമൂട്, സ്റ്റാർച്ച് ജംഗ്ഷൻ,
വെള്ളിമൺ പി.ഒ., കൊല്ലം – 691 511.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   പെരിനാട് ഗ്രാമപഞ്ചായത്ത് ഓഫീസ്,
   ചെമ്മക്കാട് പി.ഒ., കൊല്ലം – 691 603.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27/01/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 23/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 26/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/7/2021 |
| ഹിയറിംഗ് നടന്ന തീയതി | 11/08/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അനന്തു വി.എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 27.01.2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമല്ലാത്തതും

തെറ്റിദ്ധാരണാജനകവുമായ മറുപടിയാണ് നൽകിയതെന്നും ടി മറുപടിയ്ക്കെതിരെ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയത് തീർപ്പാക്കി അപ്പീൽ അധികാരി നൽകിയ നിർദ്ദേശം പൂർണ്ണമായും ലംഘിച്ചു കൊണ്ടാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയതെന്നും ആയതിനാൽ പരാതിക്ക് ആസ്പദമായ വിഷയത്തിൽ നടപടി ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പെരിനാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന ഏതെല്ലാം ഓട്ടോറിക്ഷ, ടാക്സി, ടെമ്പോവാൻ, ടാക്സികാർ എന്നിവയ്ക്ക് പാർക്ക് ചെയ്യുവാൻ അംഗീകൃത സ്റ്റാന്റുകൾ ഉണ്ടെന്ന് വ്യക്തമാക്കണമെന്നും

ii. പെരിനാട് ഗ്രാമപഞ്ചായത്തിന്റെ V-ാം വാർഡ് ചെറുമൂട്, സ്റ്റാർച്ച് ജംഗ്ഷനിൽ കൈതാകോടി റോഡിന്റെ വലതു ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഓട്ടോറിക്ഷാ സ്റ്റാൻഡ് അംഗീകൃതമാണോ എന്നും, ആയതിന്റെ അംഗീകാരത്തിന് വേണ്ടി കുണ്ടറ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കും, കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും തീരുമാനം നൽകിയിട്ടുണ്ടോ എന്നും

iii. അനധികൃത പാർക്കിംഗ് സ്റ്റാൻഡുകളുടെ പ്രവർത്തനം തടയുന്നതിന് ഗ്രാമപഞ്ചായത്താഫീസിൽ പരാതി സമർപ്പിച്ചാൽ മതിയാകുമോ എന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 25.02.2021-ന് നൽകിയ മറുപടിയിൽ അറിയിച്ചത് ടിയാന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങൾക്ക് വിവരം ലഭ്യമല്ല എന്നും 3-ാം ഇനത്തിന് പഞ്ചായത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല എന്നുമാണ്.

3. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി ടിയാന്റെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകിയിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് നിയമസാധ്യതയുണ്ടെങ്കിൽ ഒന്നാം എതിർകക്ഷിയിൽ നിന്നും കൃത്യമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, പെരിനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടാക്സി

RIGHT TO INFORMATION

സ്റ്റാന്റുകൾക്ക് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച വിവരം ലഭിക്കുന്നതിലേക്കായി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിന്മേൽ ആക്ഷേപമുന്നയിച്ചാണ് രണ്ടാം എതിർകക്ഷി മുമ്പാകെ 5.3.2021 തീയതി അപ്പീൽ സമർപ്പിച്ചത് എന്നും ഇക്കാര്യത്തിൽ എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിൽ, 1-ാം ചോദ്യത്തിന് പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ ഓട്ടോറിക്ഷ, ടാക്സി, ടെമ്പോവാൻ എന്നീ വാഹനങ്ങളുടെ പാർക്കിംഗിനായി സ്റ്റാന്റുകൾക്ക് അനുമതി നൽകിയ വിവരങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, 2-ാം ഇനത്തിന് മേൽപ്പടി സ്റ്റാന്റിന് അനുമതി നൽകിയത് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലാണ് വിവരം ലഭ്യമല്ല എന്ന മറുപടി നൽകിയതെന്നും 3-ാം ചോദ്യത്തിന് ഗ്രാമപഞ്ചായത്തിൽ പരാതി ലഭിക്കുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാലാണ് ഗ്രാമപഞ്ചായത്തിന് നടപടികൾ സ്വീകരിക്കാൻ കഴിയില്ലെന്ന മറുപടി നൽകിയതെന്നുമാണ്. ഹർജിക്കാരന്റെ 3-ാം ഇനത്തിൽ അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളത് സംശയനിവാരണമാണെന്നും ആയത് വിവരാവകാശ നിയമത്തിലെ 'വിവരം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല എന്നും 1, 2 എന്നീ ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ 7 ദിവസത്തിനകം ഹർജിക്കാരന് നൽകണമെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകി ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരൻ ടി ഓഫീസിൽ സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷ, വിവരാവകാശ അപേക്ഷ, എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ, ഒന്നാം അപ്പീൽ അധികാരിയുടെ അപ്പീൽ തീർപ്പാക്കൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരിശോധനകൾ നടത്തിയശേഷം ഹർജിക്കാരന് യഥാസമയം മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വീടിന്റെ സംരക്ഷണ ഭിത്തിയോട് ചേർന്ന് ഓട്ടോറിക്ഷാ സ്റ്റാന്റ് പ്രവർത്തിക്കുന്നതുമൂലം ടിയാന്റെ വീട്ടിലേക്കുള്ള പ്രവേശന കവാടം തടസ്സപ്പെടുന്നുവെന്നതും വീടിന്റെ പരിസരം മലിനമാക്കപ്പെടുന്നു എന്നതുമാണ് പ്രധാന പരാതി എന്ന് കാണുന്നു. വിവരാവകാശം എന്നാൽ ഏതെങ്കിലും പൊതു അധികാരസ്ഥാനത്തിന്റെ സൂക്ഷിപ്പിലും നിയന്ത്രണത്തിന് കീഴിലുള്ളതുമായ വിവരങ്ങൾ നേരിൽ കാണുന്നതിനും പരിശോധിക്കുന്നതിനും അവയുടെ

പകർപ്പെടുക്കുന്നതിനുമുള്ള അവകാശമാണ്. ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകേണ്ട കാര്യങ്ങൾ, സാങ്കല്പിക ചോദ്യങ്ങൾ, സംശയനിവാരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം തേടൽ എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. എന്നതിനാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടികൾ അപൂർണ്ണമോ തെറ്റിദ്ധാരണാജനകമോ ആണെന്ന് പറയുവാൻ നിർവ്വാഹമില്ല. എന്നാൽ ഹർജിക്കാരൻ ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ ജീവിതം ദുസ്സഹമാകുന്ന പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട വകുപ്പു അധികാരികൾക്ക് അപേക്ഷ നൽകിയിട്ടും യാതൊരു പരിഹാരവും ലഭിക്കാത്തതിനാലാണ് കമ്മീഷനെ സമീപിക്കേണ്ടി വന്നതെന്നാണ്. ആയതിനാൽ ഹർജിക്കാരന്റെ പരാതി പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, ജില്ലാ കളക്ടർ, കൊല്ലം, റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ, കൊല്ലം, സൂപ്രണ്ട് ഓഫ് പോലീസ്, കൊല്ലം എന്നിവർക്ക് അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ആഗസ്റ്റ് 11–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

us

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM